പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3584 08.11.2019-ലെ മറുപടിക്ക്

# റാന്നി-എരുമേലി വഴി പമ്പയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്

ചോദ്യം

ശ്രീ.രാജു എബ്രഹാം

മറുപടി

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഇത്തവണത്തെ ശബരിമല മണ്ഡല-മകരവിളക്ക് ഉത്സവം പ്രമാണിച്ച് പമ്പ പൂളിലേക്ക് എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; | (എ) | 179 ആർ.ടി.സി. ബസ്സുകളും, 200 ജൻറം ബസ്സുകളുമാണ് ഇത്തവണത്തെ ശബരിമല മണ്ഡല-മകരവിളക്ക് ഉത്സവം പ്രമാണിച്ച് പമ്പയിലേക്ക് പൂൾ ചെയ്തിട്ടുള്ളത്.<br>പമ്പ-231, ചെങ്ങന്നൂർ-45, പത്തനംതിട്ട-10, എരുമേലി-10, കോട്ടയം-35, അടൂർ-3, കൊട്ടാരക്കര-9, പന്തളം-2, എറണാകുളം-16, തിരുവനന്തപുരം സെൻട്രൽ-5, കുമളി-10, കായംകുളം - 3. |
| (ബി) | പ്രസ്തുത ബസ്സുകൾ എവിടെ നിന്നൊക്കെയാണ് പമ്പയിലേക്ക് സർവ്വീസ് നടത്തുക; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത ബസ്സുകൾ ഉപയോഗിച്ച് മണ്ഡലപൂജ-മകരവിളക്ക് കാലയളവിൽ കേരളത്തിലെ എല്ലാ പ്രധാന സ്ഥലങ്ങളിൽ നിന്നും പമ്പയിലേയ്ക്ക് സർവ്വീസ് നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനായി കെ.എസ്.ആർ.ടി.സി പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ താൽക്കാലിക കേന്ദ്രങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. യാത്രക്കാരുടെ തിരക്കിനനുസരിച്ചും, കോർപ്പറേഷന് വരുമാനം ലഭ്യമാകുന്ന തരത്തിലും എല്ലാ പ്രധാന ഡിപ്പോകൾ/ഉത്സവ കേന്ദ്രങ്ങളിൽ നിന്നും പമ്പയിലേയ്ക്കും, തിരിച്ചും എല്ലാ സമയത്തും പ്രത്യേക സർവ്വീസുകൾ നടത്തുന്നതിന് ഇതിനോടകം തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ചെങ്ങന്നൂരിൽ നിന്നും ശബരിമല സർവ്വീസുകൾ ശബരിമലയുടെ താലൂക്ക് ആസ്ഥാനമായ റാന്നി എരുമേലി വഴി പമ്പയ്ക്ക് സർവ്വീസ് നടത്തുമോ; | (സി) യും (ഡി) യും | യാത്രക്കാരുടെ തിരക്കിനനുസരിച്ചും, കോർപ്പറേഷന് വരുമാനം ലഭ്യമാകുന്ന തരത്തിലും റാന്നി-എരുമേലി വഴി കൂടുതൽ സർവ്വീസുകൾ പമ്പയിലേയ്ക്കും, തിരിച്ചും നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ അയ്യപ്പഭക്തരുടെ സൗകര്യാർത്ഥം ദിവസേന കുറഞ്ഞത് അഞ്ച് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് എങ്കിലും ചെങ്ങന്നൂർ-റാന്നി-എരുമേലി വഴി പമ്പയ്ക്ക് തിരിച്ച് വിടാൻ നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**